**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1775** **29-09-2025 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിൽ ഹരിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മങ്കട മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | മങ്കട മണ്ഡലത്തിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കാർഷിക പരിസ്ഥിതി പുനഃസ്ഥാപന മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>പച്ചത്തുരുത്ത്<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി തദ്ദേശീയമായ വൃക്ഷങ്ങളും സസ്യങ്ങളും ഉൾപ്പെടുത്തി വ്യത്യസ്ത വിസ്തൃതിയിൽ പ്രാദേശിക ജൈവ വൈവിധ്യം പരമാവധി ഉറപ്പാക്കി സ്വാഭാവിക വന മാതൃകകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കുക എന്നതാണ് പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പദ്ധതി മുഖ്യമായും നടപ്പിലാക്കുന്നത്. മങ്കട മണ്ഡലത്തിൽ ഹരിതകേരളം മിഷന്റെ ഭാഗമായി 7 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ 3.59 ഏക്കർ വിസ്തൃതിയിൽ 10 പച്ചത്തുരുത്തുകളാണ് നടപ്പാക്കിയിട്ടുള്ളത്.<br><br>ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ<br><br>ഒരു കോടി വൃക്ഷത്തൈകളുടെ നടീൽ ലക്ഷ്യമിട്ടുകൊണ്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിനാണ് ' ഒരു തൈ നടാം', തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മറ്റുസ്ഥാപനങ്ങൾ, കുടുംബശ്രീ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, മറ്റ് സന്നദ്ധ സംഘടനകൾ, സന്നദ്ധ |

| | | | |
|---|---|---|---|
| | | | പ്രവർത്തകർ തുടങ്ങിയവരെല്ലാം ഈ ക്യാമ്പയിന്റെ ഭാഗമാണ്. കൂടാതെ സാമൂഹ്യ വനവൽക്കരണ വകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, എന്നിവരും ഈ ക്യാമ്പയിന്റെ ആവശ്യത്തിന് തൈകൾ ലഭ്യമാക്കുന്നുണ്ട്. ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിന്റെ ഭാഗമായി മങ്കട മണ്ഡലത്തിൽ 56120 തൈകൾ ഇതുവരെ നട്ടിട്ടുണ്ട്.<br><br>കൂടാതെ കൃഷി വകുപ്പ് പദ്ധതികളിലൂടെയും, ജനകീയം പദ്ധതികളിലൂടെയും നെൽകൃഷി വികസന പദ്ധതികൾ അടക്കമുള്ള പദ്ധതികൾ നടപ്പിലാക്കുന്നുമുണ്ട്. |
| (ബി) | പരിസ്ഥിതി സൗഹൃദ നെൽക്കൃഷി, ജൈവകൃഷി പ്രോത്സാഹനം എന്നിവയ്ക്കായി മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (ബി) | സുസ്ഥിര നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായ പരമ്പരാഗത വിത്തുകളുടെ പ്രോത്സാഹനത്തിന്, വർഷം 10,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ജൈവകൃഷി സംരക്ഷണത്തിനും പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലൂടെ 209800/- രൂപ ചെലവഴിച്ചു. |
| (സി) | ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് മണ്ഡലത്തിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനായി അടുത്ത സാമ്പത്തിക വർഷം എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (സി) | ഹരിതകേരളം-വുമായി ബന്ധപ്പെട്ട നേരിട്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനായി കൃഷി വകുപ്പ് പദ്ധതികളിലൂടെ നെൽകൃഷി സുസ്ഥിര വികസനം, പച്ചക്കറി വികസന പദ്ധതി, സുഗന്ധ വ്യഞ്ജനങ്ങളുടെ വികസനം, ജൈവകൃഷി, പഴങ്ങളുടെ പൂക്കളുടെ വികസനം, MIDH, RKVY, നാളികേര വികസനം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |
| (ഡി) | നടപ്പു സാമ്പത്തികവർഷം മങ്കട മണ്ഡലത്തിൽ കൃഷിവകുപ്പ് വിവിധ പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ? | (ഡി) | നടപ്പ് സാമ്പത്തിക വർഷത്തിൽ നാളിതുവരെ 90,79,057/- രൂപ വകയിരുത്തുകയും ആയതിൽ 58,41,691/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ